

# ഇതുപോലെ എത്ര ജീവിതങ്ങൾ നമുക്ക് എടുത്ത് കാണിക്കാനുണ്ട്?

**ഈയിടെ വാഹനാപകടത്തിൽ മരണപ്പെട്ട അമീന അസ്സിൽമിയുടെ സാഹസികമായ ജീവിതകഥ**

ലേഖനം ●
പി.പി അബ്ദുല്ലത്വീഫ് റിയാദ്

**"മുസ്‌ലിമായതിൽ** ഞാൻ വളരെ സന്തോഷവതിയാണ്. ഇസ്‌ലാമാണ് എന്റെ ജീവിതം. ഇസ്‌ലാമാണെന്റെ ഹൃദയമിടിപ്പ്, ധമനിയിലെ രക്തം. ഇസ്‌ലാമാണെന്റെ ശക്തി. ഇസ്‌ലാമാണെന്റെ സുന്ദരവും വിസ്മയകരവുമായ ജീവിതം. ഇസ്‌ലാമില്ലെങ്കിൽ ശൂന്യത മാത്രം." അമീന അസ്സിൽമി പറഞ്ഞു. എല്ലാം തുടങ്ങിയതോ കംപ്യൂട്ടർ വരുത്തിയ ചെറിയ പിശകിൽനിന്നും.

സതേൺ ബാപ്റ്റിസ്റ്റ് വിശ്വാസക്കാരിയായ ഈ പെൺകുട്ടി കടുത്ത ഫെമിനിസ്റ്റും റേഡിയോ ജേർണലിസ്റ്റുമായിട്ടാണ് അറിയപ്പെട്ടത്. അസാധാരണ കാര്യശേഷി, പഠനത്തിലെ മികവ്, സ്വന്തമായി

നടത്തുന്ന ബിസിനസ്. കൂടാതെ പ്രഫഷണലുകളോട് മത്സരിച്ച് അവാർഡുകൾ നേടുകയും ചെയ്യുന്നു. ഇതെല്ലാം കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ.

സമർപ്പിത ക്രിസ്ത്യാനിയാകാനുള്ള ശ്രമത്തിനിടെ ഒരിക്കൽ കംപ്യൂട്ടർ ഒരു പിശകുവരുത്തി. അതവളുടെ ജീവിതത്തെതന്നെ നേർ എതിർദിശയിൽ കൊണ്ടെത്തിച്ചു. 1975ലാണ് സംഭവം. അഡ്മിഷനുവേണ്ടിയുള്ള മുൻകൂർ രജിസ്ട്രേഷന് തന്റെ കോളേജ് ആദ്യമായി കമ്പ്യൂട്ടർ ഉപയോഗിച്ചപ്പോഴായിരുന്നു അത്. ഡിഗ്രിക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കോഴ്സിനുവേണ്ടി മുൻകൂർ രജിസ്റ്റർ ചെയ്തു. പിന്നെ ബിസിനസ് നോക്കാനായി ഒക്‌ലഹോമയിലേക്ക് പോയി. തിരിച്ചു വന്നപ്പോഴേക്കും ക്ലാസു തുടങ്ങി രണ്ടാഴ്ചയായിരുന്നു. നഷ്ടപ്പെട്ട ക്ലാസ് കവർ ചെയ്യുകയെന്നത് അവൾക്കൊരു വിഷയമായിരുന്നില്ല. പക്ഷെ കംപ്യൂട്ടർ തെറ്റായി തന്റെ പേര് രജിസ്റ്റർ ചെയ്തത് തിയേറ്റർ ക്ലാസിനാണ്. അഥവാ വിദ്യാർഥികൾ മറ്റുള്ളവരുടെ മുമ്പിൽ അഭിനയിച്ചു കാണിക്കേണ്ട ക്ലാസിൽ.

കടുത്ത മതചിട്ടയുള്ള പെൺകുട്ടിയായതിനാൽ മറ്റുള്ളവരുടെ മുമ്പിൽ അഭിനയിക്കുകയെന്നത് അവളെ ഭീതിപ്പെടുത്തി. വളരെ വൈകിയതിനാൽ മറ്റൊരു ക്ലാസിലേക്ക് മാറാനുള്ള സാധ്യതയും ഇല്ല. തീരെ പഠനം വേണ്ടെന്ന് വെക്കാനും കഴിയില്ല. കാരണം പഠിക്കാനായി സ്കോളർഷിപ്പു ലഭിക്കുന്നുണ്ട്. അത് നഷ്ടപ്പെടുത്തേണ്ടി വരും. ഭർത്താവിന്റെ ഉപദേശപ്രകാരം, അഭിനയിക്കുന്നതിനു പകരം എംബ്രോയ്ഡറിയുമായി ബന്ധപ്പെട്ട വല്ലതും പകരം ലഭ്യമാണോ എന്ന് അധ്യാപികയോട് അന്വേഷിച്ചു. അധ്യാപിക സഹായിക്കാമെന്നേറ്റു. തന്റെ ക്ലാസിലേക്ക് പ്രവേശിച്ചപ്പോൾ അവിടെ കണ്ട കാഴ്ച അവളെ സ്തബ്ധയാക്കി. ക്ലാസ് നിറയെ 'അറബി'കളും 'ഒട്ടക ജോക്കി'കളും. അവൾക്ക് മതിയായി. ഇനി ക്ലാസിലേക്കില്ലെന്ന തീരുമാനത്തോടെ വീട്ടിലേക്ക് മടങ്ങി. അറബികൾക്കിടയിലിരുന്ന് പഠിക്കുന്നത് അവൾക്ക് സങ്കൽപിക്കാൻ പോലുമാവില്ല. "വൃത്തികെട്ട ബഹുദൈവ വിശ്വാസികൾ നിറഞ്ഞ ഒരു മുറിയിൽ എങ്ങനെ ഇരിക്കും."

ഭർത്താവ് സാധാരണ പോലെ ശാന്തനായിരുന്നു. "എല്ലാറ്റിനും ദൈവത്തിനൊരു കാരണം ഉണ്ട്. അതിനാൽ പഠനം ഉപേക്ഷിക്കുന്നതിനു മുമ്പ് നന്നായി ആലോചിക്കണം." അദ്ദേഹം പറഞ്ഞു. മാത്രമല്ല തന്റെ ട്യൂഷൻ ഫീസായി സ്വീകരിക്കുന്ന സ്കോളർഷിപ്പുമുണ്ട് പഠനം നിർത്താൻ ഒരു തടസ്സമായി. രണ്ട് ദിവസം വാതിലടച്ച് മുറിയിൽ തന്നെ അവൾ കിടന്നു. പുറത്തു കടക്കുന്നത് പഠിക്കുക തന്നെ എന്ന തീരുമാനവുമായിട്ടായിരുന്നു. അറബികളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്താൻ ദൈവം തനിക്ക് നൽകിയ അവസരമാണിത്. തന്റെ നിയോഗം ഇതാവാം. ക്ലാസിലെത്തിയാൽ അവൾ ക്രിസ്ത്യാനിറ്റിയെ തന്റെ അറബ് സഹപാഠികൾക്ക് പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. അവരുമായി നിരന്തരം ചർച്ചകൾ നടത്തി. യേശുവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചില്ലെങ്കിൽ നിത്യനരകത്തിൽ കഴിയേണ്ടിവരുമെന്ന് അവർക്ക് മുന്നറിയിപ്പ് നൽകി. ആ സഹപാഠികൾ വളരെ മാന്യമായും സൗമ്യമായും എല്ലാം കേട്ടിരുന്നു. പക്ഷേ, ആരും മതം മാറിയില്ല.

തുടർന്ന് യേശു എത്രകണ്ട് അവരെ സ്നേഹിക്കുന്നുണ്ടെന്നും അവരുടെ പാപങ്ങൾ പൊറുക്കാനാണ് കുരിശിലേറിയതെന്നും വിശദീകരിച്ചു. യേശു തങ്ങളുടെ ഹൃദയത്തിലുണ്ടെന്നവർ മറുപടി പറയുമ്പോഴും അവരാരും ക്രിസ്ത്യാനിയായി മതപരിവർത്തനം നടത്താൻ തയാറായില്ല. അതിനാൽ മറ്റു ചിലതുകൂടി ചെയ്യാൻ ഈ ബാപ്റ്റിസ്റ്റ് പെൺകുട്ടി തീരുമാനിച്ചു. ഇസ്‌ലാം വ്യാജമതവും മുഹമ്മദ് കള്ളദൈവവുമാണെന്ന് മുസ്‌ലിംകളെ ബോധ്യപ്പെടുത്താൻ അവരുടെ പുസ്തകം വായിക്കുക തന്നെ. അവൾ ആവശ്യപ്പെട്ട പ്രകാരം, ഖുർആന്റെ പരിഭാഷയും ഇസ്‌ലാമിനെക്കുറിച്ച ഒരു പുസ്തകവും ഒരു വിദ്യാർഥി അവൾക്ക് നൽകി. ഇവ രണ്ടും വെച്ച് പഠനം ആരംഭിച്ചു. ഏകദേശം ഒന്നര വർഷത്തോളം നീണ്ട ഈ ഗവേഷണത്തിൽ ഖുർആനും ഏകദേശം പതിനഞ്ച് ഇസ്‌ലാമിക പുസ്തകങ്ങളും വായിച്ചു. പിന്നെയും ഖുർആനിലേക്കു തന്നെ മടങ്ങി. ഗവേഷണത്തിനിടയിൽ വിയോജിപ്പുള്ളതായി കണ്ടെത്തിയവയെല്ലാം കുറിച്ചു വെച്ചു. ഇസ്‌ലാം വ്യാജ മതമാണെന്ന് സമർഥിക്കാൻ ഇവ ഉപകരിക്കുമെന്ന പ്രത്യാശയോടെ.

തന്റെ ഭർത്താവിൽനിന്ന് മറച്ചുവെക്കാൻ കഴിയാത്തവിധം ഇതിനിടയിൽ സ്വബോധത്തോടെയല്ലെങ്കിലും അവൾ ഉള്ളാലെ മാറുന്നുണ്ടായിരുന്നു. "ഞാൻ മാറുകയായിരുന്നു, ചെറിയ ചെറിയ മാറ്റങ്ങൾ. പക്ഷേ അതദ്ദേഹത്തെ അസ്വസ്ഥപ്പെടുത്താൻ മാത്രം പോന്നതായിരുന്നു. എല്ലാ വെള്ളിയാഴ്ചയും ശനിയാഴ്ചയും തെറ്റാതെ ഞങ്ങൾ ബാറിൽ പോകുമായിരുന്നു. അതല്ലെങ്കിൽ ഏതെങ്കിലും പാർട്ടിക്ക്. എനിക്കവ ഇഷ്ടമില്ലാതായി. ഞാൻ കൂടുതൽ നിശ്ശബ്ദയായി. അവയിൽ നിന്നൊക്കെ അകന്നു നിന്നു."

അവൾ പന്നിമാംസം കഴിക്കുന്നതും മദ്യപിക്കുന്നതും നിർത്തി. തന്റെ ഭാര്യ പുതിയ വല്ല കാമുകനെയും സ്വീകരിച്ചിട്ടുണ്ടെന്നായി ഭർത്താവിന്റെ സംശയം. കാരണം "ഒരു പുരുഷന് വേണ്ടി മാത്രമാണ് ഒരു സ്ത്രീ മാറുക." അകൽച്ച അവർക്കിടയിൽ വർധിച്ചു വന്നു. അവളും കുട്ടികളും മറ്റൊരു അപ്പാർട്ട്മെന്റിലേക്ക് ജീവിതം പറിച്ചു നട്ടു. ഇതിനിടക്കും ഇസ്‌ലാമിനെക്കുറിച്ചുള്ള പഠനം തുടർന്നു. ഉള്ളിൽ വലിയ മാറ്റങ്ങൾ നടക്കുന്നുണ്ടെന്നറിഞ്ഞിട്ടും ദൈവ ഭക്തയായ ക്രിസ്ത്യാനിയായി തന്നെ നിലകൊണ്ടു. അങ്ങനെയിരിക്കെ ഒരു ദിവസം, അവളുടെ വാതിലിൽ ആരോ മുട്ടി. പാരമ്പര്യ ഇസ്‌ലാമിക വസ്ത്രം ധരിച്ച ഒരു മനുഷ്യൻ. ചുവപ്പും വെളുപ്പും ചെക്കിലുള്ള മേശവിരി പോലെ ഒരു തട്ടം തലയിൽ. നീണ്ട, വെളുത്ത നിശാവസ്ത്രം ധരിച്ച ആ മനുഷ്യൻ തന്റെ പേര് അബ്ദുൽ അസീസ് അൽശൈഖ് ആണെന്ന് പറഞ്ഞു. അതേപോലെ വസ്ത്രം ധരിച്ച മറ്റു മൂന്നു പേർ കൂടി അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു.

പൈജാമയും നിശാവസ്ത്രവും ധരിച്ച ഈ മുസ്‌ലിംകൾ തന്നെ തേടി വന്നതിൽ അവൾക്ക് നീരസം. താങ്കൾ മുസ്‌ലിമാകാൻ പോകുന്നത് ഞങ്ങളറിഞ്ഞിട്ടുണ്ടെന്ന അബ്ദുൽ അസീസ് അൽശൈഖിന്റെ വാക്കുകൾ അവളെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. അവൾ പറഞ്ഞു: "ഞാനൊരു ക്രിസ്ത്യാനിയാണ്, ഇസ്‌ലാമിലേക്ക് മതപരിവർത്തനം നടത്താൻ ഇതുവരെ തീരുമാനിച്ചിട്ടില്ല." ഏതായിരുന്നാലും സമയമനുവദിക്കുന്നുണ്ടെങ്കിൽ ചില ചോദ്യങ്ങൾ അവൾക്കവരോട് ചോദിക്കാനുണ്ടായിരുന്നു. അവളുടെ ക്ഷണപ്രകാരം അവർ വീട്ടിനകത്തേക്ക് കടന്നു. താൻ എഴുതിവെച്ച എല്ലാ ചോദ്യങ്ങളും എതിരഭിപ്രായങ്ങളും അവരുടെ മുമ്പിൽ നിരത്തി.

"ഞാനൊരിക്കലും അബ്ദുൽ അസീസിന്റെ പേര് മറക്കില്ല, ക്ഷമയുടെയും വിനയത്തിന്റെയും ആൾരൂപം. എന്റെ എല്ലാ ചോദ്യങ്ങളെയും ക്ഷമയോടെ അഭിമുഖീകരിക്കുകയും അവക്ക് അദ്ദേഹം ശാന്തനായി മറുപടി നൽകുകയും ചെയ്തു. ഒരിക്കലുമദ്ദേഹം എന്നെ കൊച്ചാക്കുകയോ എന്റെ ചോദ്യങ്ങൾ വിവരദോഷമാണെന്ന് പറയുകയോ ചെയ്തില്ല."

അബ്ദുൽ അസീസ് എന്റെ ഓരോ ചോദ്യവും ശ്രദ്ധാപൂർവം കേട്ടു. എന്നിട്ട് അവക്ക് സന്ദർഭോചിതമായ വിശദീകരണങ്ങൾ നൽകി. അദ്ദേഹം ഓർമിപ്പിച്ചു: "അല്ലാഹു വിജ്ഞാനമന്വേഷിക്കാനും അത് കരസ്ഥമാക്കാൻ ചോദ്യങ്ങൾ ചോദിക്കാനും പറഞ്ഞിട്ടുണ്ട്." അദ്ദേഹം കാര്യങ്ങൾ വിശദീകരിക്കുമ്പോൾ ഒരു റോസാപൂ വിരിയുംപോലെ എനിക്കനുഭവപ്പെട്ടു. സൗരഭ്യം പരത്തി ഇതളുകളോരോന്നോരോന്നായി വിടർന്നു വരുന്നു. ചില അഭിപ്രായങ്ങളോട് ഞാനദ്ദേഹവുമായി വിയോജിക്കുകയും അതിനുള്ള കാരണം വിശദീകരിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം പറയും: "താങ്കൾ പറഞ്ഞത് ഒരു പരിധിവരെ ശരിയാണ്." പിന്നെ അതിന്റെ ഉൾവശങ്ങളിലേക്ക് എങ്ങനെയാണ് പ്രവേശിക്കുന്നതെന്നും വ്യത്യസ്ത വീക്ഷണകോണുകളിൽ എങ്ങനെ അതിനെ നോക്കിക്കാണാമെന്നും എനിക്കദ്ദേഹം പഠിപ്പിച്ചു തന്നു. താൻ ഒന്നര വർഷമായി ഏതൊന്നിനാണോ കീഴ്പ്പെട്ടിരിക്കുന്നത് അതിന് തന്നെയാണ് ഇനിയും കീഴ്പ്പെടേണ്ടതെന്ന് അദ്ദേഹം എന്നെ ബോധ്യപ്പെടുത്തി. അങ്ങനെ 1977 മെയ് 21 ന് ആ തെക്കൻ ബാപ്റ്റിസ്റ്റ് പെൺകുട്ടി അബ്ദുൽ അസീസിന്റെയും കൂട്ടുകാരുടെയും മുമ്പിൽ സത്യസാക്ഷ്യവചനം ഉച്ചരിച്ചു.

"ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനാരംഭിച്ച ദിവസം എന്റെ വ്യക്തിജീവിതത്തിൽ എനിക്കാവശ്യമുള്ള എന്തെങ്കിലും കിട്ടുമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ എനിക്ക് മനസിലായി, ഇസ്‌ലാം എന്റെ ജീവിതം മാറ്റുമെന്ന്. ഇസ്‌ലാമിന്റെ തീരത്ത് എനിക്ക് ശാന്തിയും അതിരുകവിഞ്ഞ സ്നേഹവും സന്തോഷവും ലഭിക്കുമെന്ന് ഒരാൾക്കും എന്നെ ബോധ്യപ്പെടുത്താൻ കഴിയുമായിരുന്നില്ല."

മതപരിവർത്തനം അത് ഇസ്‌ലാമിലേക്കാവട്ടെ മറ്റേതൊരു മതത്തിലേക്കാവട്ടെ ചെറിയ കാര്യമല്ല. പുതുവിശ്വാസികൾ വിശ്വാസമാറ്റത്തിന്റെ പ്രത്യാഘാതങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. പൂർവമതത്തിലേക്ക് തിരിച്ചു പോകാനുള്ള കടുത്ത സമ്മർദമുണ്ടാകും – കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും. കടുത്ത സാമ്പത്തിക പ്രയാസങ്ങൾ നേരിട്ടേക്കാം. മതം മാറ്റത്തിനു ശേഷവും കുടുംബത്തിന്റെയും കൂട്ടുകാരുടെയും ആദരവ് ലഭിക്കുന്ന അപൂർവം ചിലരുമുണ്ടാവും. പക്ഷേ അധിക പേരും ചെറുതും വലുതുമായ പല പ്രയാസങ്ങളും തരണം ചെയ്യേണ്ടിവരുന്നു.

എന്നാൽ അമീന അസ്സിൽമി എന്ന നവമുസ്‌ലിം നേരിട്ട പരീക്ഷണങ്ങളും വിശ്വാസത്തിനു വേണ്ടി സഹിച്ച ത്യാഗങ്ങളും കേട്ടുകേൾവി പോലുമില്ലാത്തതാണ്. നെഞ്ചുവിരിച്ച് വെല്ലുവിളികളെ

അഭിമുഖീകരിക്കാൻ, അല്ലാഹുവിൽ ഭരമേൽപിക്കാൻ അമീന അസ്സിൽമിയെപ്പോലെ വളരെ തുച്ഛം പേർക്കേ സാധിക്കുകയുള്ളൂ. തന്റെ കൂട്ടുകാരെയെല്ലാം അവൾക്ക് നഷ്ടപ്പെട്ടു. ഇവളുടെ ഇസ്‌ലാം താൽക്കാലിക പ്രതിഭാസമാണെന്നും കുറച്ചുകഴിഞ്ഞാൽ സമചിത്തത കൈവരിച്ച് അതിൽനിന്ന് രക്ഷപ്പെട്ടു പുറത്തുവരുമെന്നും അവളുടെ മാതാവ് കരുതി. അവളുടെ ബുദ്ധിമതിയായ സഹോദരി വിലയിരുത്തിയത് അമീനക്ക് ബുദ്ധിസ്ഥിരത നഷ്ടപ്പെട്ടുവെന്നും മനോരോഗാശുപത്രിയിൽ കൊണ്ടുപോയി ചികിത്സിക്കണമെന്നുമാണ്. അമീനയുടെ പിതാവ് സ്വതവേ ശാന്തപ്രകൃതനും വിവേകിയുമാണ്. പക്ഷെ മകൾ മുസ്‌ലിമായെന്നറിഞ്ഞ പിതാവ്, തന്റെ ഇരട്ടത്തിര തോക്ക് നിറച്ച് അവളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. അദ്ദേഹം പറഞ്ഞു; "നരകത്തിന്റെ അഗാധതയിൽ ചുട്ടെരിക്കപ്പെടുന്നതിനെക്കാൾ ഭേദം അവൾ മരിക്കലാണ്." ഇപ്പോഴവൾക്ക് കൂട്ടുകാരാരുമില്ല, കുടുംബക്കാരാരുമില്ല. ഹിജാബ് ധരിക്കാൻ തുടങ്ങിയ ദിവസം തന്നെ അവൾക്ക് ജോലിയും നഷ്ടപ്പെട്ടു. ഇപ്പോൾ കുടുംബവും, കൂട്ടുകാരും, ജോലിയും ഇല്ലാത്തവൾ. ഇല്ല ഇനിയും വന്നിട്ടില്ല, കടുത്ത പരീക്ഷണങ്ങളും ത്യാഗങ്ങളും.




**അമീന അസ്സിൽമി എന്ന നവമുസ്‌ലിം നേരിട്ട പരീക്ഷണങ്ങളും വിശ്വാസത്തിനുവേണ്ടി സഹിച്ച ത്യാഗങ്ങളും കേട്ടുകേൾവി പോലുമില്ലാത്തതാണ്. നെഞ്ചുവിരിച്ച് വെല്ലുവിളികളെ അഭിമുഖീകരിക്കാൻ, അല്ലാഹുവിൽ ഭരമേൽപിക്കാൻ അമീന അസ്സിൽമിയെപ്പോലെ വളരെ തുച്ഛം പേർക്കേ സാധിക്കുകയുള്ളൂ.**

ഇസ്‌ലാം സ്വീകരിച്ചെന്ന് കേട്ടപ്പോൾ നേരത്തെ പിണങ്ങിനിന്ന ഭർത്താവ് അവളെ വിവാഹമോചനം ചെയ്തു. വിവാഹമോചനത്തിനു ശേഷം കുട്ടികളുടെ സംരക്ഷണം തനിക്ക് വിട്ട് തരണമെന്ന് ആവശ്യപ്പെട്ട് അവൾ കോടതി കയറി. രണ്ടാലൊന്നു തെരഞ്ഞെടുക്കണമെന്നായി ന്യായാധിപൻ. ഒന്നുകിൽ ഇസ്‌ലാം തിരസ്കരിച്ച് കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കുക, അതല്ലെങ്കിൽ ഇസ്‌ലാം സ്വീകരിച്ച് കുട്ടികളെ ഉപേക്ഷിക്കാൻ തയാറാവുക. തീരുമാനമെടുക്കാൻ ഇരുപത് മിനിറ്റ് അവൾക്ക് നൽകി. സ്നേഹിക്കാൻ മാത്രമറിയുന്ന ഒരു മാതാവിന്റെ മനോവ്യഥ ഊഹിച്ചു നോക്കൂ. ഒരു ദിവസത്തേക്കോ ഒരു മാസത്തേക്കോ വർഷത്തേക്കോ അല്ല, എന്നെന്നേക്കുമായി കുട്ടികളെ കൈവിടണമെന്നാണ്. ഒരു മാതാവിന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ ഇരുപതു മിനുട്ടുകളായിരുന്നു അത്. ആരോഗ്യപ്രശ്നങ്ങളാൽ ഇനിയൊരിക്കലും കുഞ്ഞിനെ പ്രസവിക്കാൻ കഴിയില്ലെന്ന ഡോക്ടറുടെ മുന്നറിയിപ്പ് അവളുടെ വേദനയുടെയും ഒറ്റപ്പെടലിന്റെയും ആഴം വർധിപ്പിച്ചു. "ഞാൻ പ്രാർഥിച്ചുപോയി, ഒരിക്കലും എന്റെ കുട്ടികൾക്ക് ഞാൻ ജന്മം നൽകാതെ പോയിരുന്നെങ്കിലെന്ന്. എനിക്കറിയാം അല്ലാഹുവിന്റെ കൈകളിലല്ലാതെ എന്റെ കുട്ടികൾ സുരക്ഷിതരല്ലെന്ന്. ഞാനവരെ തിരസ്കരിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ സുന്ദരപാത കാണിച്ചുകൊടുക്കാൻ എനിക്ക് കഴിയാതെപോകും." അവസാനം ഇസ്‌ലാമിനുവേണ്ടി തനിക്കവകാശപ്പെട്ടതെല്ലാം ത്യജിക്കാൻ തന്നെ അവൾ തീരുമാനിച്ചു.

തന്റെ രണ്ടു കുട്ടികളെ –ഒരാണും ഒരു പെണ്ണും– തന്നിൽനിന്ന് എന്നെന്നേക്കുമായി പിഴുതുമാറ്റി കോടതി മുൻഭർത്താവിന് കൈമാറി. ഒരു മാതാവിന്റെ ജീവിതത്തിൽ ഇതിനെക്കാൾ വലിയ ത്യാഗം മറ്റെന്തുണ്ട്? വിശ്വാസി ആയതിന്റെ കുറ്റത്തിന് നിയമം നൽകിയ ശിക്ഷയും ഏറ്റുവാങ്ങി അവൾ കോടതിയുടെ പടിയിറങ്ങി. തന്നെ പ്രതീക്ഷിച്ചിരിക്കുന്ന കുട്ടികളോ കുടുംബമോ കൂട്ടുകാരോ

ജീവിക്കാൻ ജോലിയോ ഇല്ലാത്ത വിശാലമായ ഭൂമിയിലേക്ക് ശൂന്യമായ കൈകളുമായി. സമാശ്വസിപ്പിക്കാനോ കണ്ണീരൊപ്പാനോ ഒരു നീതിമാനെയും അവൾ കണ്ടില്ലെങ്കിലും, മനസ്സ് മന്ത്രിച്ചു – ഇല്ല; നീ ചെയ്തതാണ് ശരി, ഭൗതികമായതൊന്നിനും വേണ്ടിയല്ല ഈ ത്യാഗം, നിത്യ സ്വർഗത്തിലേക്കുള്ള സത്യത്തിനു വേണ്ടിയാണ്.

*** *** ***

"അല്ല, നിങ്ങൾ സ്വർഗത്തിലങ്ങ് പ്രവേശിച്ചു കളയാമെന്നു വിചാരിക്കുകയാണോ; നിങ്ങളുടെ മുൻഗാമികളായ സത്യവാഹകരെ ബാധിച്ചതൊന്നും നിങ്ങളെ ബാധിച്ചിട്ടില്ലാതിരിക്കെ? പീഡകളും വിപത്തുകളും അവരെ ബാധിച്ചു. അതതു കാലത്തെ ദൈവദൂതനും കൂടെയുള്ള വിശ്വാസികളും ദൈവസഹായം എപ്പോഴാണ് വന്നെത്തുക എന്ന് വിലപിക്കുവോളം അവർ വിറപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. (തൽസമയം അവർ സാന്ത്വനമരുളപ്പെട്ടു) അറിയുക, അല്ലാഹുവിന്റെ സഹായം ആസന്നമായിരിക്കുന്നു" (2:214) എന്ന ഖുർആൻ സൂക്തം അവർക്കാശ്വാസമേകി.

എങ്കിലും 'അമീന അസ്സിൽമി സംഭവം' മാധ്യമ ശ്രദ്ധ പിടിച്ചുപറ്റി. കുട്ടികളെ തന്റെ സംരക്ഷണത്തിൽ കിട്ടിയില്ലെങ്കിലും, വിശ്വാസത്തിന്റെ പേരിൽ കുട്ടികളുടെ സംരക്ഷണം തടയരുതെന്ന് കൊളൊറാഡോ നിയമത്തിൽ ഭേദഗതി വന്നു.

ത്യാഗത്തിന്റെ പ്രതിഫലമായി അല്ലാഹുവിന്റെ അപാരമായ സ്നേഹവും അവരെ പൊതിഞ്ഞു നിന്നു. ഇസ്‌ലാമിനെക്കുറിച്ച അവരുടെ സുന്ദര പ്രഭാഷണങ്ങളും അവരുടെ ഇസ്‌ലാമിക ചിട്ടയും പോകുന്നിടത്തെല്ലാം നിരവധിപേരെ ഇസ്‌ലാമിലേക്കാകർഷിച്ചു. വിശ്വാസം കൊണ്ട് രൂപപ്പെടുത്തപ്പെട്ട തന്റെ സ്വഭാവത്തെ തന്റെ കുടുംബവും, ബന്ധുക്കളും, തനിക്ക് ചുറ്റുമുള്ളവരും പ്രശംസിക്കുകയും അംഗീകരിക്കുകയും ചെയ്തു. മുസ്‌ലിമായതിന്റെ ആദ്യ പ്രതികരണത്തിനുശേഷവും കുടുംബവുമായി ബന്ധം നിലനിർത്തുകയും ഖുർആൻ താൽപര്യപ്പെടും പോലെ ആദരവോടെയും വിനയത്തോടെയും അവരോട് ഇടപഴകുകയും ചെയ്തുപോന്നു. വിശേഷാവസരങ്ങളിൽ മാതാപിതാക്കൾക്ക് ഗ്രീറ്റിംഗ് കാർഡുകൾ അയച്ചുകൊണ്ടിരുന്നു. എല്ലാ കാർഡിന്റെ അടിയിലും ഖുർആനിൽനിന്നോ ഹദീസിൽനിന്നോ ഉറവിടം സൂചിപ്പിക്കാതെ ചില വരികൾ എഴുതിചേർക്കാനും മറന്നില്ല.

കുടുംബത്തിൽനിന്ന് ആദ്യമായി ഇസ്‌ലാമിലേക്ക് കടന്നുവന്നത് അവളുടെ വല്യമ്മയായിരുന്നു. അവർക്ക് നൂറുവയസ്സിനുമേൽ പ്രായം വരും. ഇസ്‌ലാം ആശ്ലേഷിച്ചയുടനെ അവർ മരിക്കുകയും ചെയ്തു. "ശഹാദത്ത് ഉച്ചരിച്ച ആ ദിനം അവരുടെ കഴിഞ്ഞ നൂറുവർഷത്തെ തെറ്റുകൾ കണക്കുപുസ്തകത്തിൽനിന്ന് അല്ലാഹു മായച്ചുകളഞ്ഞു, അവരുടെ നന്മകൾ അപ്രകാരം തന്നെ പരിരക്ഷിക്കുകയും ചെയ്തു. ഇസ്‌ലാം ആശ്ലേഷിച്ച് അധികമാവുന്നതിനു മുമ്പേ മരണപ്പെട്ടതിനാൽ എനിക്ക് പറയാനാകും, നന്മകളാൽ നിറഞ്ഞ കനപ്പെട്ട പുസ്തകവുമായിട്ടാണ് അവർ അല്ലാഹുവിനെ കണ്ടുമുട്ടുകയെന്ന്. അങ്ങനെ ചിന്തിക്കുമ്പോൾ ആ മരണം എന്നിൽ സന്തോഷം നിറച്ചു." അടുത്തത് അവളുടെ പിതാവായിരുന്നു. താൻ മുസ്‌ലിമായി എന്നറിഞ്ഞപ്പോൾ തന്നെ കൊല്ലാൻ വന്ന അതേ പിതാവ്!

അസ്സിൽമി ഇസ്‌ലാം സ്വീകരിച്ച് രണ്ട് വർഷം പൂർത്തിയായപ്പോൾ മാതാവ് അവളെ വിളിച്ചു പറഞ്ഞു: "നിന്റെ ഈ വിശ്വാസം നീ കാത്തു സൂക്ഷിക്കുക" എന്ന്. കുറച്ചുവർഷം കഴിഞ്ഞു വീണ്ടും അവർ വിളിച്ചു. അവർ ചോദിച്ചു: "മുസ്‌ലിമാകാൻ ഒരാൾ എന്താണ് ചെയ്യേണ്ടത്?" മകൾ മറുപടി പറഞ്ഞു: "ദൈവം ഏകനാണെന്നും മുഹമ്മദ് അവന്റെ അന്ത്യപ്രവാചകനാണെന്നും വിശ്വസിക്കലാണ്." മാതാവ് പറഞ്ഞു: "അതേത് വിവരദോഷിക്കുമറിയാം. പക്ഷേ നീ എന്തൊക്കെയാണ് ചെയ്യുന്നത് എന്നെനിക്കറിയണം." മകൾ പറഞ്ഞു; "അത്തരം ഒരു വിശ്വാസം നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളും ഒരു മുസ്‌ലിമാണ്." മാതാവ് പറഞ്ഞു: "ശരി, ഏതായാലും അഛനെ ഇതറിയിക്കണ്ട."

മാതാവിനറിയില്ലായിരുന്നു, തന്റെ ഭർത്താവ് (അസ്സിൽമിയുടെ ഇളയഛൻ) കുറച്ചാഴ്ചകൾക്കു മുമ്പ് ഇതേ സംഭാഷണം താനുമായി നടത്തിയത്. അപരൻ മുസ്‌ലിമായത് അറിയാതെ ഇവർ ഇങ്ങനെ വർഷങ്ങൾ ജീവിച്ചു. തന്നെ മനോരോഗ കേന്ദ്രത്തിലാക്കാനാവശ്യപ്പെട്ട സഹോദരിയും ഇസ്‌ലാം സ്വീകരിച്ചു. മുസ്‌ലിമാവുക എന്നതാണ് ആരോഗ്യകരവും സുബദ്ധവുമെന്ന് അവളും അംഗീകരിച്ചു.

അസ്സിൽമിയുടെ മകനും ഇസ്‌ലാം സ്വീകരിച്ചു. 21 വയസ്സായപ്പോൾ മകൻ വിളിച്ച് തനിക്കും

മുസ്‌ലിമാകണമെന്ന ആഗ്രഹം അറിയിച്ചു. വിവാഹമോചനത്തിന്റെ പതിനാറാണ്ടുകൾക്കു ശേഷം തന്റെ മുൻ ഭർത്താവും ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം പറഞ്ഞു: "കഴിഞ്ഞ പതിനാറു വർഷം ഞാനവളെ നിരീക്ഷിക്കുകയായിരുന്നു. തന്റെ മകൾക്കും അവളുടേതുപോലുള്ള ഒരു മതം തന്നെയാണ് വേണ്ടത്." അദ്ദേഹം അസ്സിൽമിയുടെ അടുക്കൽ വന്ന് താൻ ചെയ്ത തെറ്റിന് മാപ്പ് പറഞ്ഞു. അസ്സിൽമി വർഷങ്ങൾക്കു മുമ്പെ അദ്ദേഹത്തിന് മാപ്പ് നൽകിയിരുന്നു.

അവർക്കുള്ള പ്രതിഫലം ഇനിയും വരാനിരിക്കുന്നതേയുണ്ടായിരുന്നുള്ളൂ. ഇനി ഒരു കുട്ടിക്ക് ജന്മം നൽകാൻ സാധ്യമല്ലെന്ന് ഡോക്ടർമാരെഴുതിയ വിധിയെ മറികടന്ന് ഒരു സുന്ദര ബാലനെ അവർ പ്രസവിച്ചു. അല്ലാഹു ആർക്കെങ്കിലും ഒരു സമ്മാനം നൽകാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആർക്കത് തടയാനാവും? തീർച്ചയായും ഇത് അല്ലാഹുവിൽ നിന്നുള്ള വിസ്മയകരമായ ഒരനുഗ്രഹമായിരുന്നു. അതിനാൽ കുട്ടിക്ക് 'ബറക' എന്ന് പേരിട്ടു.

ഏതാനും വർഷങ്ങൾക്കു മുമ്പാണ് താൻ കാൻസർ രോഗിയാണെന്ന് അമീന കണ്ടെത്തിയത്. രോഗം അതിന്റെ അവസാന ഘട്ടത്തിലേക്ക് കടന്നതിനാൽ അധികകാലം ജീവിക്കില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി. വിധിയിലുള്ള വിശ്വാസം അവരെ കർമനിരതയാക്കി. "തീർച്ചയായും ഒരുനാൾ നാം മരിക്കും, ഞാനനുഭവിക്കുന്ന വേദനയും ഒരു തരത്തിൽ എനിക്കു ലഭിച്ച ദൈവികാനുഗ്രഹമാണ്." കാൻസറിനെയും അല്ലാഹുവിന്റെ ഒരനുഗ്രഹമായി അവർ സ്വീകരിച്ചു. ആരോഗ്യവാനേക്കാൾ കരുത്തോടെ പിന്നെയും കർമവീഥിയിൽ അവർ വർഷങ്ങളോളം ജീവിച്ചു.

"ഇസ്‌ലാമെന്ന സത്യം പ്രചരിപ്പിക്കുന്നതിന്റെ പ്രാധാന്യം ഞാൻ മനസ്സിലാക്കി. ജനം മുസ്‌ലിമെന്നതോ അമുസ്‌ലിമെന്നതോ എനിക്കൊരു വിഷയമായിരുന്നില്ല. പറയുന്നത് അംഗീകരിക്കപ്പെടുന്നോ തിരസ്കരിക്കപ്പെടുന്നോ എന്നും ഞാൻ നോക്കിയില്ല. അല്ലാഹുവിന്റെ അനുവാദമുണ്ടോ എന്നത് മാത്രമേ ഞാൻ ശ്രദ്ധിച്ചുള്ളൂ. പ്രത്യേകിച്ചൊരു ഭൗതിക കാരണവുമില്ലാതെ അനേകം മനുഷ്യർ എന്നെ സ്നേഹിക്കുന്നതായി ഞാനറിയുന്നു. അല്ലാഹു നിന്നെ സ്നേഹിക്കുന്നുവെങ്കിൽ മറ്റുള്ളവരാൽ നീ സ്നേഹിക്കപ്പെടുമെന്ന് എവിടെയോ വായിച്ചത് എന്നെ കോൾമയിർ കൊള്ളിക്കുന്നു. ഈ സ്നേഹത്തിനെല്ലാം ഞാനർഹയല്ല, മറ്റൊരർഥത്തിൽ ഇതും അല്ലാഹു എന്നിൽ ചൊരിയുന്ന മറ്റൊരനുഗ്രഹം. അല്ലാഹു എത്ര മഹാൻ. അല്ലാഹു പറഞ്ഞതുപോലെ ഞാൻ പരീക്ഷിക്കപ്പെട്ടു, പക്ഷെ, ഞാനർഹിക്കുന്നതിലും പ്രതീക്ഷിച്ചതിലുമധികം എനിക്കവൻ നൽകി."

അസ്സിൽമിയുടെ ജീവിതം നിരവധി കഥകൾ നമ്മോടു പറയുന്നു. പരീക്ഷണത്തിന്റെയും ദുരിതത്തിന്റെയും ക്ഷമയുടെയും വിജയത്തിന്റെയും കഥ. വിശ്വാസത്തിന്റെ ആഹ്ലാദകരമായ പര്യവസാനത്തിന്റെ കഥ. കർമവീഥിയിൽ പ്രബോധകരെ പ്രചോദിപ്പിക്കുന്ന കഥ. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും അർപ്പണത്തിന്റെയും കഥ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും വാഗ്ദാനപൂർത്തീകരണത്തിന്റെയും കഥ.

2010 മാർച്ച് 10-ന് പുലർച്ചെ 3:21-ന് ന്യൂയോർക്കിലെ തിരക്കുപിടിച്ച പരിപാടി കഴിഞ്ഞു വരുമ്പോൾ റോഡിന്റെ വളവിൽ തന്നെയും കാത്തിരുന്ന മരണത്തിന്റെ മാലാഖയുടെ കൂടെ ഈ കഥകളെല്ലാം നമ്മെയേൽപിച്ച് അവർ യാത്രയായി. അസ്ഥിയെ ബാധിച്ച കാൻസർ എല്ലിന്റെ ശക്തി ക്ഷയിപ്പിച്ചിരുന്നുവെങ്കിലും കട്ടിലിൽ കിടന്നല്ല, വിശ്രമമില്ലാത്ത കർമഭൂമിയിലെ പടയാളിയായാണ് അവർ അല്ലാഹുവിലേക്ക് മടങ്ങിയത്. ■